(17)

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3264 — 20.06.2014- ൽ മറുപടിക്ക്

അനാഥാലയങ്ങളിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ.രാജു<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ അനാഥാലയങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടു വരുന്നത് സംബന്ധിച്ചുള്ള ചട്ടങ്ങളിൽ ഇളവുകൾ വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; | (എ) | അനാഥാലയങ്ങളിലേയ്ക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ ഇളവ് വരുത്താൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് സംസ്ഥാനത്തെ അനാഥാലയങ്ങളിൽ പ്രവേശനത്തിന് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളുടെ ശുപാർശ വേണമെന്നത് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഏതു തലത്തിലുള്ള ഉദ്യോഗസ്ഥന്റേതാകണമെന്ന് വ്യക്തമായ നിർദേശം ആഭ്യന്തര – നിയമ വകുപ്പുകളുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ